(സി) ഉണ്ട്.

1. അനുബന്ധം - 2 ആയി* ചേർത്തിരിക്കുന്നു.
2. 101 കമ്മ്യൂണിറ്റി കിച്ചനുകൾ
3. 170 ടൈബൽ കുടുംബശ്രീ യൂണിറ്റുകളിലൂടെ പട്ടികവർഗ്ഗ സ്ത്രീകളുടെ ജീവിതനിലവാരം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞു. 130 ടൈബൽ ആനിമേറ്റേഴ്സിനും മൂന്ന് കോ-ഓർഡിനേറ്റർമാർക്കും ഒരു അക്കൗണ്ടന്റിനും ഏഴ് വർഷത്തേക്ക് തൊഴിൽ ഉറപ്പ് വരുത്തി. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാര വിതരണം നടത്തി വരുന്നു.

അട്ടപ്പാടി മേഖലയിൽ ശിശുമരണവുമായി ബന്ധപ്പെട്ട് പാലക്കാട് എം.പി. നടത്തിയ നിരാഹാരസമരം

266 (4257) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി മേഖലയിൽ ശിശുമരണവുമായി ബന്ധപ്പെട്ട് പാലക്കാട് എം.പി. നടത്തിയ നിരാഹാര സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിരാഹാരം അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

(സി) ഇതിന്മേൽ എന്തെല്ലാം നടപടികൾ ആരംഭിച്ചു, നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയതിനുശേഷം അട്ടപ്പാടി പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി യോഗം വിളിച്ച് ചേർത്തിട്ടുണ്ടോ; എങ്കിൽ എന്നാണ് യോഗം ചേർന്നത് എന്നും ഏതെല്ലാം ഉദ്യോഗസ്ഥൻ പങ്കെടുത്തുവെന്നും അറിയിക്കുമോ; യോഗതീരുമാനങ്ങൾ എന്തൊക്കെയായിരുന്നു;

(ഡി) സർക്കാർ തീരുമാനപ്രകാരം അട്ടപ്പാടി ജനകീയ കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള ഉത്തരവുകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഉത്തരവ് എപ്പോഴാണ് നൽകിയത്?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഒറ്റപ്പാലം സബ്കളക്ടറെ നോഡൽ ഓഫീസറായി സർക്കാർ നിയമിച്ചിട്ടുണ്ട്. കൂടാതെ ജനപ്രതിനിധികളെ ഉൾപ്പെടുത്തി ജനകീയ സമിതി രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി)ഒറ്റപ്പാലം സബ്കളക്ടറെ നോഡൽ ഓഫീസറായി നിയമിച്ചതിനുശേഷം വിവിധ വകുപ്പുകളുടെ അവലോകനയോഗങ്ങൾ നടത്തിയിരുന്നു. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

അവലോകനയോഗങ്ങൾ നടന്ന തീയതി	പങ്കെടുത്ത വകുപ്പുകൾ
24-11-2014	എക്സൈസ്, വനം, മൃഗസംരക്ഷണം, കൃഷി, RSBY
25-11-2014	ഹെൽത്ത് NRLM (കുടുംബശ്രീ)
26-11-2014	വാട്ടർ അതോറിറ്റി സിവിൽ സപ്ലൈസ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
6-12-2014	MGNREAGS, പോലീസ്, DMO, ആയുർവേദം, ഹോമിയോ
8-12-2014	KSEB, PWD, മൈനർ ഇറിഗേഷൻ
9-12-2014	പട്ടികവർഗ്ഗ വികസനം, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ, പി.വി.റ്റി.ജി.

ഈ യോഗങ്ങളിൽ തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

(ഡി) ജനകീയ കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം

267 (4258) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന എന്തെല്ലാം പദ്ധതികളാണ് ഉള്ളത് ; പരമാവധി എത്ര ധനസഹായമാണ് ഓരോ പദ്ധതി മുഖേനയും നൽകുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly